# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2153 22/01/2014 - ൽ മറുപടിക്ക്

### വനം വകുപ്പിൽ നിന്നും തുടർച്ചയായി ഗവേഷണാനുമതി നൽകിയതു സംബന്ധിച്ച വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. രമേശ് ചെന്നിത്തല,<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പുമന്ത്രി. |
| (എ) വനം വകുപ്പിൽ നിന്നും തുടർച്ച യായി ഗവേഷണാനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്താനുദ്ദേശി ക്കുന്നുണ്ടോ; വിശദമാക്കുമോ; | **(എ)** ഗവേഷണത്തിനായി 2001 മുതൽ വനം വകുപ്പിൽ നിന്നും 35 ലക്ഷം രൂപ അനുവദിച്ചു നൽകിയതിൽ ആരോപിക്കപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് ക്യൂ.വി.3/13/എസ്.ഐ.യു.1 നമ്പരായി ഒരു സത്വരാന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന നടന്നു വരുന്നു. |
| ( ബ 1 ) ആരാണ് പരാതി നൽകിയത്; വിശദാംശങ്ങൾ എന്തെല്ലാം; | **(ബി)** രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിയിൽ ശാസ്ത്രജ്ഞയായ ഡോ.വി.വി.ആശയ്ക്കു 2001 മുതൽ ഗവേഷണത്തിനായി പലതവണ ലക്ഷക്കണക്കിനു രൂപ അനുവദിച്ചിട്ടും തയ്യാറാക്കിയ പ്രബന്ധങ്ങളൊന്നും വനംവകുപ്പിൽ ലഭിച്ചിട്ടില്ലെന്ന ആരോപണം സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള കോൺഗ്രസ് (ബി) ചെയർമാൻ ശ്രീ.ആർ.ബാലകൃഷ്ണപിളള സമർപ്പിച്ച 22.7.2013 ലെ പരാതിയിന്മേലാണ് സത്വരാന്വേഷണം നടന്നു വരുന്നത്. |
| ( സ 1 ) ആർക്കെതിരെയാണ് അന്വേഷണം നടത്തുന്നത്; വിശദമാക്കുമോ; | **(സി)** മുൻ മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദനെതിരെയാണ് അന്വേഷണം നടക്കുന്നത്. |
| ( ഡ 1 ) എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണ പരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | **(ഡി)** ശ്രീ.വി.എസ്.അച്യുതാനന്ദൻ മുഖ്യമന്ത്രി ആയിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതു സംബന്ധിച്ചാണ് അന്വേഷണം നടക്കുന്നത്. |

സെക്ഷൻ ആഫീസർ